"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഹോമിയോപ്പതി വകുപ്പ് - കോട്ടയം ജില്ലയിലെ മീനടം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II കുമാരി അശ്വതി സുലു വിജയന് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (സി) വകുപ്പ്

സ.ഉ.(സാധാ) നം.208/2026/AYUSH തീയതി, തിരുവനന്തപുരം, 29-03-2026

പരാമർശം:- (1) കുമാരി അശ്വതി സുലു വിജയൻ സമർപ്പിച്ച 01/12/2025-ലെ അവധി അപേക്ഷ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 22/01/2026, 09/02/2026 എന്നീ തീയതികളിലെ DHTVM/107/2026-EA5 - നമ്പർ കത്തുകൾ.

ഉത്തരവ്

കോട്ടയം ജില്ലയിലെ മീനടം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II കുമാരി അശ്വതി സുലു വിജയൻ, ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഏറ്റുമാനൂർ ക്ഷേത്രത്തിലെ താൽകാലിക ഹോമിയോ ഡിസ്പെൻസറിയിൽ ജോലി നോക്കവെ 30/11/2025-ന് തെന്നി വീണ് കാലിന്റെ എല്ലിന് പൊട്ടൽ ഉണ്ടായതിനാൽ 01/12/2025 മുതൽ 14/01/2026 വരെ 45 ദിവസങ്ങളിലേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ, പരാർശം-(2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി ശിപാർശ ചെയ്ത് മേൽ നടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാർശം-(2) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, മീനടം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II കുമാരി അശ്വതി സുലു വിജയന് 01/12/2025 മുതൽ 14/01/2026 വരെയുള്ള 45 ദിവസങ്ങളിലേയ്ക്ക് കെ.എസ്.ആർ. ഭാഗം-I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.

2. കുമാരി അശ്വതി സുലു വിജയൻ, സർക്കാർ ഹോമിയോ ഡിസ്പെൻസറി, മീനടം, കോട്ടയം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
6. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/24/2026-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Baiju G
Date: 30-03-2026 14:40:50
സെക്ഷൻ ഓഫീസർ.